കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിലുള്ള വ്യവസായ സ്ഥാപനങ്ങളിലൂടെ 14781 പേർക്ക് തൊഴിൽ ലഭിച്ചു. ഓരോ വർഷത്തേയും കണക്കു സംബന്ധിച്ച വിശദവിവരങ്ങൾക്ക് അനുബന്ധം ശ്രദ്ധിച്ചാലും. കിൻഫ്രായുടെ കാക്കനാട്ടുള്ള എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ കേരള കെമിക്കൽസ് ആന്റ് പ്രോട്ടീൻസ് ലിമിറ്റഡ് എന്ന കമ്പനി വ്യവസായം തുടങ്ങിയതു വഴി ഈ യൂണിറ്റിൽ 1999 മുതൽ 2000 വരെ 105 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

അടിസ്ഥാന സൗകര്യ നിക്ഷേപ നിധി

73 (563) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) അടിസ്ഥാന സൗകര്യ നിക്ഷേപ നിധിയിലേയ്ക്ക് എത്രകോടി രൂപ നിക്ഷേപമായി ലഭിക്കുകയുണ്ടായി ;

(ബി) ഇതിൽ നിന്നും എത്ര കോടി രൂപ ഏതെല്ലാം വ്യവസായങ്ങൾക്ക് സാമ്പത്തിക സഹായം നൽകി, വിശദമാക്കാമോ ;

(സി) ഇതിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നതിന്റെ മാനദണ്ഡം എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 507.06 കോടി രൂപ

(ബി) അടിസ്ഥാന സൗകര്യ നിക്ഷേപ നിധിയിൽ നിന്നും വ്യവസായങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകുവാൻ ഇപ്പോൾ വ്യവസ്ഥയില്ല.

(സി) വൈദ്യുത ഊർജ്ജം, റോഡുകൾ, ജലസേചനം, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, ജലവിതരണം, ഉൾനാടൻ ഗതാഗതം, ഖരമാലിന്യ നിർമ്മാർജ്ജനം, മലിനജല നിർഗ്ഗമനം മുതലായ മേഖലകളിലുള്ള പദ്ധതികളോ, ഇത്തരം ഒന്നോ അതിലധികമോ മേഖലകളിലെ വിവിധോദ്ദേശ്യ പദ്ധതികൾക്കോ ആണ് ഫണ്ടിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നത്.

വിദേശ മലയാളികളുടെ മൂലധന നിക്ഷേപം

74 (567) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിദേശ മലയാളികൾ എത്ര രൂപയുടെ മൂലധന നിക്ഷേപം വ്യാവസായിക മേഖലയിൽ നടത്തിയിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കാമോ ;

(ബി) ഇവർക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് സർക്കാർ നൽകുന്നത് ;

(സി) അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, എന്നിവിടങ്ങളിൽ ഉണ്ടായിട്ടുള്ള വിദേശ മൂലധന നിക്ഷേപം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ അവിടങ്ങളിൽ എന്തെല്ലാം സൗജന്യങ്ങളും പ്രോത്സാഹനങ്ങളുമാണ് ഇവർക്കു നൽകി വരുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ടെക്നോ പാർക്കിൽ 4450 ലക്ഷം രൂപയുടെയും, കെ.എസ്.ഐ.ഡി.സി.യുടെ സഹകരണത്തോടെ 420 കോടി രൂപയുടേയും നിക്ഷേപം നടത്തിയിട്ടുണ്ട്. കിൻഫ്രയുടെ തൂമ്പയിലെ ചെറുകിട വ്യവസായ പാർക്കിൽ അഞ്ചു ലക്ഷം രൂപയുടെ നിക്ഷേപത്തിന് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. വിദേശ മലയാളികളുടെ നിക്ഷേപം സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.*

(ബി) കേരളത്തിന്റെ വ്യവസായ നയത്തിലും, ഐ.റ്റി. നയത്തിലും വിഭാവനം ചെയ്തിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ഇവർക്ക് നൽകുന്നുണ്ട്. കൂടാതെ വിദേശ മലയാളികൾക്ക് അവരുടെ മൂലധനം സംസ്ഥാനത്തു നിക്ഷേപിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ കിൻഫ്രാ നൽകുന്നുണ്ട്. പദ്ധതികൾ കണ്ടെത്തുക, അതിനാവശ്യമായ സ്ഥലം എടുക്കുക, കേരളത്തിന് ഉതകുന്ന തരത്തിലുള്ള വ്യവസായ പദ്ധതികൾ ഏറ്റെടുത്ത് അതിനാവശ്യമായ അടിസ്ഥാന ഘടക സൗകര്യങ്ങൾ നൽകുകയും വ്യവസായസംരംഭകർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും നല്കുകയും ചെയ്യുക എന്നതാണ് കിൻഫ്രയുടെ ഉദ്ദേശ്യ ലക്ഷ്യം. ഇടത്തരം വൻകിട മേഖലകളിൽ നൽകി വരുന്ന പ്രോത്സാഹനങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.*

(സി & ഡി) ഉണ്ട് ലഭ്യമായ വിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.*

തുറന്ന് പ്രവർത്തിപ്പിച്ച വ്യവസായ ശാലകൾ

75 (572) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റു അധികാരത്തിൽ വന്നതിനുശേഷം പൂട്ടിക്കിടന്ന എത്ര വ്യവസായ ശാലകൾ തുറക്കുവാൻ കഴിഞ്ഞു ; അവ ഏതെല്ലാം ;

(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് പൂട്ടിയ വ്യവസായങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ; പൂട്ടുന്നതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് കഴിഞ്ഞ നാലു വർഷത്തിനിടയിൽ പുതിയതായി ആരംഭിച്ച വ്യവസായങ്ങൾ എത്ര ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ഡി) വ്യാവസായിക പുരോഗതിക്കായി ഈ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്. വിശദാംശം വ്യക്തമാക്കാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly